**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **27-07-2021 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ഗവൺമെന്റ് കോളേജിന് യു.ജി.സി. അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റവും ജനസാന്ദ്രതയുള്ള ദ്വീപായ വൈപ്പിൻ മണ്ഡലത്തിലെ ഏക സർക്കാർ കലാലയമായ വൈപ്പിൻ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന് യു.ജി.സി. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാകുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | വൈപ്പിൻ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന് യു.ജി.സി. മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള താത്കാലിക അംഗീകാരം (2F) ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിന് യു.ജി.സി. അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉപയോഗപ്രദമായ ഭൂമി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വൈപ്പിൻ പ്രദേശത്ത് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭ്യമല്ല എന്ന് റവന്യൂ അധികാരികളും അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിർമ്മാണം സാധ്യമാകുന്ന സ്വകാര്യവ്യക്തികളുടെ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഭൂമി ലഭ്യമാക്കി നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം മാത്രമേ യു.ജി.സിയുടെ സ്ഥിരം അംഗീകാരം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത കോളേജിന്റെ സമഗ്രവികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) | കോളേജിന് ആവശ്യമായ 5 ഏക്കർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. വൈപ്പിൻ ജനസാന്ദ്രത കൂടിയ ദ്വീപ് പ്രദേശമായതിനാൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് ഉപയോഗപ്രദമായ ഭൂമി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. വൈപ്പിൻ പ്രദേശത്ത് സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭ്യമല്ല എന്ന് റവന്യൂ അധികാരികളും അറിയിച്ചിട്ടുണ്ട്. ആയതിനാൽ |

| | | | |
|---|---|---|---|
| | | | നിർമ്മാണം സാധ്യമാകുന്ന സ്വകാര്യവ്യക്തികളുടെ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഭൂമി ലഭ്യമാക്കി നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം മാത്രമേ യു.ജി.സിയുടെ സ്ഥിരം അംഗീകാരം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ